# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പട്ടാമ്പി ബ്ലോക്ക്പഞ്ചായത്ത്

## 2015-16 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

നം. കെ.എസ്.എ-പികെഡി8/343/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം

പാലക്കാട്, തീയതി-10.5.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടാമ്പിബ്ലോക്ക്പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. അസി.ഡെവലപ്മെന്റ് കമ്മീഷർ (ജനറൽ), പാലക്കാട്
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി8/343/17 തീയതി-10.05.2017

## പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-12-2015 മുതൽ 12-02-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.കൃഷ്ണകുമാർ,
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-02-2017 മുതൽ 18-02-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.രാമകൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.വി.വസന്ത | 1-04-2015 മുതൽ 31-10-2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 18-11-2015 |
| ശ്രീ.കമ്മുക്കുട്ടി എടത്തോൾ | 19-11-2015 മുതൽ 31-3-2016 |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഒ.കൃഷ്ണൻ | 1-4-2015 മുതൽ 31.01.-2016 വരെ |
| ശ്രീ.വിശ്വനാഥൻ.പി. (ബി.പി.ഒ) (അഡീ.ചാർജ്) | 1-02-2016 മുതൽ 15-02-2016 വരെ |
| ശ്രീ.പി.ശശീന്ദ്രൻ | 16-02-2016മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി. എഞ്ചിനീയർ | ശ്രീ.എ.കെ.വേലായുധൻ. | 1-4-2015 മുതൽ 18-6-2015 വരെ |
| | ശ്രീ.ജോയ് മുരിങ്ങത്തേരി | 19-.06.-2015മുതൽ31-3-2016 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. രാജഗോപാൽ.കെ | *01.04.15 മുതൽ 31.03.16 വരെ* |
| മെഡിക്കൽ സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പട്ടാമ്പി | ഡോ. ഫ്ളെമി ജോസ് | *1-4-2015 മുതൽ 04.06.15 വരെ* |
| | ഡോ: അൻസാർ.എം. | *5.06.2015 മുതൽ 23.08.15 വരെ* |
| | ഡോ: മുഹമ്മദ് അബ്ദുൾ റഹ്മാൻ.യു.ടി. | *24.08.2015 മുതൽ 31.03.16 വരെ* |
| മെഡിക്കൽ സൂപ്രണ്ട് (സി.എച്ച്.സി, കൊപ്പം) | ഡോ: കെ.ഗീത. | 1-4-2015 മുതൽ 31.03-2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2015-16 | 1/18 -3-2015 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 30-7-2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ബാധകമല്ല

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 31880817 | 274429497 | 306310314 | 241325144 | 64985170 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | Transfer | നീക്കിയി |
|---|---|---|---|---|---|---|

| | | വരവ് | | | credit | രിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2044944 | 23767872+ TC 36086 | 25848902 | 25848902 | - | - |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 20000 | 20000 | 20000 | - | - |
| വികസനഫണ്ട് (എസ്.സി.പി) | 1804086 | 16325618 | 18129704 | 18093618 | 36086 | - |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 247686 | 3063663 | 3311349 | 3311349 | - | - |
| ഇ ഫണ്ട് | 21844365 | 187292469 | 209136834 | 195145048 | - | 13991786 |
| ജനറൽ പർപ്പസ് ഗ്രാന്റ് + മറ്റുള്ളവ | 6022611 | 311356 | 6333967 | 2264005 | - | 4069962 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 53121086 | 91 | 43849664 | 2 | 44 | 66 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഒന്നുമില്ല

# 1-7 ആഭ്യന്തരനിയന്ത്രണം

<u>മാസ്റ്റർഇൻകുംബൻസി രജിസ്റ്റർ:</u> കൈമാറിക്കിട്ടിയ ആഫീസുകളിൽ ഉൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം

നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരമൊരു മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനട്സ് : തൻവർഷം രണ്ട് യോഗങ്ങൾ കൂടിയിട്ടുണ്ട്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.16 | 01.04.15 മുതൽ 31.03.16 വരെ | 24.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.16 | 2010-11 മുതൽ 2014-15 വരെ | 23.05.16 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെൻഡർ വർക്കുകളുടെ ടെൻഡർ ഫോം ഇനത്തിൽ ഈടാക്കിയ തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ വകയിൽ 32 വർക്കുകൾക്കായി ഈടാക്കിയ ടെണ്ടർ ഫോം തുകയായ 119440 രൂപ നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയത് നാളിതുവരെയും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. തുക ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് അവകാശപ്പെട്ടതായതിനാൽ 119440/- രൂപ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 നിഷ്ക്രിയമായ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ താഴെ പറയുന്ന നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

| ക്രമ നം | ഇനം | അക്കൗണ്ട് നം | നീക്കിയിരുപ്പ് തുക |
|---|---|---|---|
| 1 | ഹരിയാലി | 0853101063083 | 278966/- |

ഓഡിറ്റ് എൻക്വയറി നം 09/17.02.17 യ്ക്ക് പ്രസ്തുത അക്കൗണ്ട് അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല . 14748/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ, പേര് - 72 / 15-16. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

അടങ്കൽ - 1800000/-

ചെലവ് - 1393223

ബിൽ നമ്പർ, തീയതി - 01 /15-16 തീ.31.03.2016

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിലെ ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയ്ക്ക് പഠിയ്ക്കുന്ന തിരഞ്ഞെടുത്ത 28പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറിയിലേക്ക് കമ്പ്യൂട്ടർ, മേശ, കസേര എന്നിവയും പഠനോപകരണങ്ങളും വാങ്ങി നൽകുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. സ്മാർട്ട് ടെക്നോളജീസ്, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്ന് 28 കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയും 'സിഡ്കോ എന്റർപ്രൈസസ്,ഒ ലവക്കോട്, പാലക്കാട് ' എന്ന സ്ഥാപനത്തിൽ നിന്ന് 28 സ്റ്റീൽ മേശയും 28 പ്ലാസ്റ്റിക്ക് കസേരയുമാണ് വാങ്ങിയിട്ടുള്ളത് . സർക്കാർ ഉത്തരവ് (എം.എസ്.) 362/2013 ത.സ്വ.ഭ.വ തീ. 16.11.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 16 ഖ 6(8)(4) പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തി മേശയും, കസേരയും വാങ്ങി നൽകുമ്പോൾ മരം / സ്റ്റീൽ മാത്രമേ വാങ്ങി നൽകുവാൻ പാടുള്ളൂ. കസേര, മേശ എന്നിവ

വാങ്ങിയതിന്റെ വിവരം ചുവടെ കൊണ്ടുക്കുന്നു.

<table>
<tr><td>ഇൻവോയ്സ് നം</td><td>ഇനം</td><td>എണ്ണം</td><td>നിരക്ക്</td><td>തുക</td></tr>
<tr><td rowspan="4">SMCPKD/15-16 /0499/22.03.16</td><td>സ്റ്റീൽ മേശ</td><td>5</td><td>3968</td><td>19840.00</td></tr>
<tr><td>പ്ലാസ്റ്റിക്ക് കസേര</td><td rowspan="2">5</td><td rowspan="2">560</td><td>2800.00</td></tr>
<tr><td>VAT (14.5%)</td><td>3282.80</td></tr>
<tr><td>ആകെ</td><td></td><td></td><td>25923</td></tr>
<tr><td rowspan="4">SMCPKD/15-16 /0493/22.03.16</td><td>സ്റ്റീൽ മേശ</td><td>23</td><td>3968</td><td>91264.00</td></tr>
<tr><td>പ്ലാസ്റ്റിക്ക് കസേര</td><td>23</td><td>560</td><td>12880</td></tr>
<tr><td>VAT(14.5%)</td><td></td><td></td><td>15100.88</td></tr>
<tr><td>ആകെ</td><td></td><td></td><td>119245.00</td></tr>
</table>

സർക്കാർ ഉത്തരവ് പാലിക്കാതെ പ്ലാസ്റ്റിക് കസേര വാങ്ങി നൽകാനിടയായതിന്റെ കാരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07/16.02.17 യ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്ലാസ്റ്റിക് കസേര വാങ്ങിയതിന്റെ ചെലവ് 14748/- രൂപ (12880+14.5% vat ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പദ്ധതി പ്രവർത്തനങ്ങൾ അനിശ്ചിതമായി ദീർഘിപ്പിക്കുന്നതുമൂലം ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പട്ടാമ്പി ഗവ. താലൂക്ക് ആശുപത്രിയിൽ തൻവർഷം താഴെ പറയുന്ന നിർമ്മാണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

1.ഐ.സി.യു വാർഡ് നിർമ്മാണം പൂർത്തിയാക്കൽ

പ്രോജ.നം. 62/16

അടങ്കൽ- 5 ലക്ഷം

കൺവീനർ- യാവു എരിഞ്ഞിത്തൊടി

ബിൽനം. 44/31.3.16 തുക- 429692/-

എം.ബുക്ക് നം. – 27/14-15

ICU വാർഡ് പൂർത്തീകരണം, സൈഡ് റയിലിംങ്, കോളം എക്സ്റ്റെൻഷൻ, സാനിറ്ററി ഫിറ്റിംങ്സ് എന്നിവയാണ് ഇതിന്റെ ഭാഗമായി ചെയ്യാനുള്ളത്. BRGF ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയ്ക്ക് തുടങ്ങിവെച്ച മുൻവർഷങ്ങളിലെ പദ്ധതി പൂർത്തിയാക്കുന്നതിനാണ്

തൻവർഷം ഈ പ്രോജക്ട് വെച്ചിട്ടുള്ളത്.

2.ജെറിയാട്രിക് വാർഡ് നിർമ്മാണം

പ്രോജ.നം. SO.30/15

അടങ്കൽ- 150000/-

കൺവീനർ-യാവു എരിഞ്ഞിത്തൊടി

എം.ബുക്ക് നം.264/14-15

ബിൽ നം.6/31.3.16 തുക-926479/-

സ്ട്രക്ച്ചറൽ വർക്ക്, റൂഫിംങ്, റാമ്പ് എന്നിവയുടെ പ്രാഥമിക നിർമ്മാണപ്രവൃത്തികളുടെ പൂർത്തിയാക്കലാണ് ഈഘട്ടത്തിൽ നിർവ്വഹിച്ചിട്ടുള്ളത്.

ഇതു കൂടാതെ 15 ലക്ഷം രൂപ അടങ്കലിൽ ജെറിയാട്രിക് വാർഡിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ഒരു പദ്ധതി കൂടി തൻവർഷം നടപ്പിലാക്കിയിട്ടുണ്ട് (പ്രോജ.നം.25/15-16, എം.ബുക്ക്.നം. 26/14-15, ബിൽ നം.31/31-3-16 തുക- 615524/-). റാമ്പുകളുടെ നിർമ്മാണം പൂർത്തിയാക്കൽ, ടൈൽ പാകൽ, റാമ്പ്എക്സ്റ്റെൻഷൻ, സ്റ്റെയിൻലെസ് സ്റ്റീൽ റെയിലിംങ്, പ്ലംബിംങ്, സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് എന്നിവയുടെ നിർമ്മാണമാണ് ഈഘട്ടത്തിൽ നിർവ്വഹിക്കാനുള്ളത്.

മേൽ പറഞ്ഞ പ്രവൃത്തികൾ നേരിട്ട് വിലയിരുത്തുന്നതിനായി LSGD വിഭാഗത്തോടൊപ്പം ഓഡിറ്റ് സംഘം പ്രസ്തുത ആശുപത്രി സന്ദർശിക്കുകയുണ്ടായി. 2016-17 വർഷത്തിനൊടുവിലും ടൈൽ വർക്ക്, റാമ്പ്, പ്ളംബിംങ് എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടില്ലെന്ന് സന്ദർശനത്തിൽ ബോധ്യപ്പെട്ടു. മേൽ പറഞ്ഞ രണ്ട് കെട്ടിടങ്ങളും നിർമ്മിതി പൂർത്തിയാകാതെ ഉപയോഗശൂന്യമായിക്കിടക്കുന്നത് നേരിൽ കണ്ടെങ്കിലും ജെറിയാട്രിക് വാർഡ് കെട്ടിടം 4-9-2015 ന് ഉദ്ഘാടനം ചെയ്ത ഫലകം കാണാനിടയായി.

ഏകവർഷ പ്രോജക്ടുകൾ പ്രവർത്തന കലണ്ടർ അടിസ്ഥാനമാക്കി പൂർത്തീകരിക്കുന്നതിനു പകരം നിർമ്മാണ പ്രക്രിയ അനന്തമായി നീളുന്നത് പദ്ധതി പ്രവർത്തനങ്ങൾ അവതാളത്തിലാക്കുമെന്നത് നിസ്തർക്കമാണ്. ദീർഘവീക്ഷണക്കുറവും വ്യക്തമായ മോണിറ്ററിംങിന്റെ അഭാവവുമാണ് ഈ അവസ്ഥ സംജാതമാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

2015-16വർഷങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരുമായും കൺവീനർമാരുമായി ഏർപ്പെടുന്ന കരാറുകളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ പൂർണ്ണമാക്കുകയോ ചെയ്യുന്നില്ല.
2. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ജോയിന്റ് അക്കൌണ്ടിലൂടെ പണമിടപാട് നടത്തണം എന്ന നിബന്ധന പാലിച്ചിട്ടില്ല.
3. പ്രവൃത്തി ആരംഭിക്കുന്ന തിയ്യതി, പൂർത്തിയാക്കേണ്ട തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
4. ഉപയോഗിച്ച നിർമ്മാണ വസ്തുക്കളുടെ വിവരം വ്യക്തമാക്കുന്ന മെറ്റീരിയൽ അക്കൌണ്ട് രേഖപ്പെടുത്തുന്നില്ല.
5. സെലക്ഷൻ മെമ്മോ നൽകൽ സൈറ്റ് കൈമാറൽ എന്നിവയുടെ രേഖകൾ ഇല്ല.
6. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തിയ്യതി, ടെണ്ടർ അംഗീകരിച്ച തീരുമാനം നമ്പർ, ടെണ്ടർ തുറക്കുന്ന സമയം ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തില്ല.
7. ഭൂരിഭാഗം ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് കാണുന്നില്ല.

# 3-4 ഐ.എ.വൈ ഭവന നിർമ്മാണം-വീട്ടു പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം നൽകിയതിൽ ആകെയുള്ള 492 ഗുണഭോക്താക്കളിൽ 92 പേർ വിവിധ ഘട്ടങ്ങളിലായി പണി പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. ആയതിൽ താഴെ പറയുന്ന 28 പേർ ആദ്യ ഗഡു മാത്രം കൈപ്പറ്റുകയും നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മീനാക്ഷി. | കൊപ്പം | 17500/- |
| 2 | നളിനി | കൊപ്പം | 17500/- |
| 3 | സുരേഷ് | കൊപ്പം | 17500/- |
| 4 | രതീഷ | കുലുക്കല്ലൂർ | 17500/- |
| 5 | ചിന്ന | കുലുക്കല്ലൂർ | 17500/- |
| 6 | കാളി | കുലുക്കല്ലൂർ | 17500/- |
| 7 | സന്ധ്യ | മുതുതല | 17500/- |
| 8 | ശാന്ത | മുതുതല | 17500/- |
| 9 | ശാരദ | മുതുതല | 17500/- |
| 10 | വിജയലക്ഷ്മി | മുതുതല | 17500/- |
| 11 | കാളി | മുതുതല | 17500/- |
| 12 | ചെമ്പൻ | മുതുതല | 17500/- |
| 13 | മണികണ്ഠൻ | ഓങ്ങല്ലൂർ | 17500/- |
| 14 | നിമിഷ | ഓങ്ങല്ലൂർ | 17500/- |
| 15 | കോരൻ | ഓങ്ങല്ലൂർ | 17500/- |
| 16 | സഫിയ | ഓങ്ങല്ലൂർ | 17500/- |
| 17 | സുചിത്ര | പരുതൂർ | 17500/- |
| 18 | ഗിരിജ | പരുതൂർ | 17500/- |
| 19 | മൊയ്തീൻ | പരുതൂർ | 17500/- |
| 20 | ലത | പരുതൂർ | 17500/- |
| 21 | യശോധ | പരുതൂർ | 17500/- |
| 22 | ഉഷ | പട്ടാമ്പി | 17500/- |
| 23 | ദേവകി | പട്ടാമ്പി | 17500/- |
| 24 | കല്ല്യാണി | പട്ടാമ്പി | 17500/- |
| 25 | പാറുക്കുട്ടി | പട്ടാമ്പി | 17500/- |
| 26 | സരോജിനി | പട്ടാമ്പി | 17500/- |
| 27 | വള്ളി | തിരുവേഗപ്പുറ | 17500/- |
| 28 | സരോജിനി | വിളയൂർ | 17500/- |

പ്രസ്തുത ഗുണഭോക്താക്കൾ അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കൈപ്പറ്റിയ തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-5 വ്യവസായ വികസന ഓഫീസർ, ഡയറി

## എക്സ്റ്റൻഷൻ ഓഫീസർ, കൃഷി അസി.ഡയറക്ടർ, ചൈൽഡ് പ്രൊജക്ട് ഡവലപ്പ്മെന്റ് ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ വ്യവസായ വികസന ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ കൃഷി അസി.ഡയറക്ടർ, ചൈൽഡ് പ്രൊജക്ട് ഡവലപ്പ്മെന്റ് ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ടുകൾ ഒന്നും നടപ്പിലാക്കിയതായി കാണുന്നില്ല. കാർഷിക മേഖല ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗമായിട്ടുള്ളതും, പട്ടമ്പി ബ്ലോക്ക് & താലൂക്ക് കേന്ദ്രം, നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്ന (മൺപാത്ര നിർമ്മാണം-ഓങ്ങല്ലൂർ, ബാഗ് നിർമ്മാണം-പരുതൂർ മുതലായവ...) പ്രദേശമായിട്ടും, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ മരുതൂരിൽ സ്ഥിതി ചെയ്യുന്ന വ്യവസായ വികസന കേന്ദ്രം പ്രയോജനപ്പെടുത്തി പട്ടാമ്പി ബ്ളോക്കിലെ നിരവധി യുവതീ/യുവാക്കൾക്ക് സ്വയം തൊഴിൽ നൽകുന്നതിന് ധനസഹായം ലഭ്യമാക്കുന്ന പ്രൊജക്ടുകൾ, വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമായിട്ടും നടപ്പിലാക്കിയിട്ടില്ല. ബ്ളോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലേയും നിർവ്വഹണ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 02/13.02.2017 യ്ക്ക് വരും വർഷങ്ങളിൽ മേൽ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖാന്തിരം കൂടുതൽ പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-6 കൊപ്പം സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രൊജക്ട് നം -65/15-16 കൊപ്പം സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കൊപ്പം

അടങ്കൽ – 100000/-

ബിൽ നം - 12/15-16 തീ.17.02.16 തുക 100000/-

മേൽ പ്രൊജക്ടിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ PRF 2312/03.02.16 നം ഇൻവോയ്സ് പ്രകാരം പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്നുകൾക്ക് 100000/-രൂപ നൽകിയിട്ടുണ്ട്.എന്നാൽ ബിൽ നം 4812/22.11.16 പ്രകാരം 27057/-രൂപയ്ക്കും, ബിൽ നം 5783/26.12.16 പ്രകാരം 47115/-രൂപയ്ക്കുമുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ (ആകെ 74172-), ബാക്കി 25828/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 03/14.02.2017 യ്ക്ക് കേരള മെഡിക്കൽ

സർവ്വീസ് കോർപ്പറേഷന് കത്ത് നൽകുകയും മരുന്നുകൾ 28.02.17 നകം എത്രയും പെട്ടെന്ന് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-7 തെരുവ് നായ്ശല്യം നിയന്ത്രണം- ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ പ്രവർത്തി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നം : 77/15-16 തെരുവ് നായ്ശല്യം നിയന്ത്രണം- ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ

താഴെ അടങ്കൽ : 500000/-

ചെലവ് : 500000/-

ബിൽ നം : 07/28.09.15

മേൽ പ്രൊജക്റ്റിന്റെ ഭാഗമായിപാലക്കാട് ജില്ലാ പഞ്ചായത്തിന് 500000/-രൂ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/17.02.17 യ്ക്ക് വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-8 ഡെപ്പോസിറ്റ് പ്രവർത്തി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. തീയതി. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി. | 70/15-16 തോട്ടാങ്ങര ഗ്രാമിക റോഡ് പേരടിയൂർ വോൾട്ടേജ് വിതരണം മെച്ചപ്പെടുത്തൽ | 180138/5.08.15 | 227430 |
| കെ.എസ്.ഇ.ബി | 46/15-16 ഓങ്ങല്ലൂർ ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ. | 180064/4.8.15 | 157084 |

| | | | |
|---|---|---|---|
| കെ.എസ്.ഇ.ബി | 48/15-16 തിട്ടക്കോൾ ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ | 178506/01.09.15 | 200000 |
| കെ.എസ്.ഇ.ബി | 49/15-16 മുതുതല പഞ്ചായത്ത് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവെക്കൽ | 180094/4.8.15 | 116861 |
| കെ.എസ്.ഇ.ബി | 124/15-16 കാരക്കാപറമ്പ് എളുമ്പലാക്കോട് ലൈൻ മാറ്റിവെക്കൽ | 173934/29.3.16 | 140180 |
| കെ.എസ്.ഇ.ബി | 98/15-16 പുലാശ്ശേരിക്കുണ്ട് ഭാഗത്തേക്ക് ലൈൻ മാറ്റിവെക്കൽ | 180065/4.8.15 | 125000 |
| കെ.എസ്.ഇ.ബി | 87/15-16 ശില്പിപുരം ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ | 173931/29.3.16 | 100000 |
| കേരള വാട്ടർ അതോറിറ്റി | 114/15-16 കോഴിച്ചാമുറി വെറുപുറത്ത് കുടിവെള്ള പദ്ധതി | 172722/11.4.16 | 799471 |
| കേരള വാട്ടർ അതോറിറ്റി | 121/15-16 താമരശ്ശേരി കോളനി കുടിവെള്ള പദ്ധതി | 172721/11.4.16 | 950000 |
| PWD ഇലക്ട്രിക്കൽ വിഭാഗം | 70/15-16 പട്ടാമ്പി താലൂക്ക് ആശുപത്രി റീ വയറിംഗ് | 173935/29.3.16 | 600000 |

പൂർത്തീകരണ/വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/14.02.2017 ക്ക്

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി, PWD ഇലക്ട്രിക്കൽ വിഭാഗം, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | പട്ടാമ്പി ഗ്രാമപഞ്ചായത്ത് | 2015-16 | 660000<br>460000 | IAY വിഹിതം SCP)<br>IAY വിഹിതം (GEN) | 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും, ജില്ലാ പഞ്ചാ യത്തിൽ നിന്നും IAY ഭവനപദ്ധതി വിഹിത മായി ലഭിച്ച തുകകൾ ഈ വർഷം തന്നെ കരാർ ചമച്ച ഗുണഭോ ക്താക്കൾക്കാണ് ചെലവഴിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. ഇനം തിരിച്ചെടുക്കുവാൻ സാധിച്ചില്ല | |
| 2 | കൊപ്പം ഗ്രാമപഞ്ചായത്ത് | 2015-16 | 780000<br>500000 | IAY വിഹിതം (SCP)<br>IAY വിഹിതം (GEN) | | |
| 3 | മുതുതല ഗ്രാമപഞ്ചായത്ത് | 2015-16 | 740000<br>480000 | IAY വിഹിതം SCP)<br>IAY വിഹിതം (GEN) | | |
| 4 | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 2015-16 | 780000<br>480000 | IAY വിഹിതം SCP)<br>IAY വിഹിതം (GEN) | | |
| 5 | കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് | 2015-16 | 700000<br>460000 | IAY വിഹിതം SCP)<br>IAY | | |

| | | | | | |
|---|---|---|---|---|---|
| | | | | വിഹിതം (GEN) | |
| 6 | തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് | 2015-16 | 760000<br>500000 | IAY വിഹിതം (SCP)<br>IAY വിഹിതം (GEN) | |
| 7 | പരുതൂർ ഗ്രാമപഞ്ചായത്ത് | 2015-16 | 940000<br>540000 | IAY വിഹിതം (SCP)<br>IAY വിഹിതം (GEN) | |
| 8 | വിളയൂർ ഗ്രാമപഞ്ചായത്ത് | 2015-16 | 680000<br>460000 | IAY വിഹിതം (SCP)<br>IAY വിഹിതം (GEN) | |
| 9 | ജില്ലാ പഞ്ചായത്ത് | 2015-16 | 300000 | IAY വിഹിതം (GEN) | |
| 10 | ആകെ | | 10220000 | | |

# **4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KSEB | തോട്ടാങ്ങര ഗ്രാമിക റോഡ് പേരടിയൂർ വോൾട്ടേജ് വിതരണം മെച്ചപ്പെടുത്തൽ | 180138/5.08.15 | 227430 | 227430 | 0 |
| KSEB | ഓങ്ങല്ലൂർ ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ | 180064/4.8.15 | 157084 | 157084 | 0 |
| KSEB | തിട്ടക്കോൾ ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ | 178506/01.09.15 | 200000 | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| KSEB | മുതുതല പഞ്ചായത്ത് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവെക്കൽ | 180094/4.8.15 | 116861 | 116861 | 0 |
| KSEB | കാരക്കാപറമ്പ് എളുമ്പലാക്കോട് ലൈൻ മാറ്റിവെക്കൽ | 173934/29.3.16 | 140180 | 140180 | 0 |
| KSEB | പുലാശ്ശേരിക്കുണ്ട് ഭാഗത്തേക്ക് ലൈൻ മാറ്റിവെക്കൽ | 180065/4.8.15 | 125000 | 125000 | 0 |
| KSEB | ശില്പിപുരം ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ | 173931/29.3.16 | 100000 | 100000 | 0 |
| KWA | കോഴിച്ചാമുറി വെറുപുറത്ത് കുടിവെള്ള പദ്ധതി | 172722/11.4.16 | 799471 | 799471 | 0 |
| KWA | താമരശ്ശേരി കോളനി കുടിവെള്ള പദ്ധതി | 172721/11.4.16 | 950000 | 950000 | 0 |
| PWD ഇലക്ട്രിക്കൽ വിഭാഗം | പട്ടാമ്പി താലൂക്ക് ആശുപത്രി റീ വയറിംഗ് | 173935/29.3.16 | 600000 | 600000 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500000 രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| ആകെ | 500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനംഅവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മീൻവല്ലം ജലവൈദ്യുതപദ്ധതി-ഓഹരികൾ | 500000 |
| ആകെ | 500000 |

# 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 274429497 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 241325144 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14748 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 14748 | കെ.രാജഗോപാൽ,SCDO |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96<br>1996-97<br>1997-98 | LFP10/244/09 dt. 6.6.09 |
| 1998-99 | LFP10/1089/03 |
| 1999-2000 | LFP10/408/02 dt. 2.12.13 |
| 2000-01 | LFP10/928/07 dt. 3.12.07 |
| 2001-02 | LFP10/974/07 dt. 3.12.07 |
| 2002-03 | LFP10/975/07 dt. 3.12.07 |
| 2003-04 | LFP10/942/08 dt. 15.7.09 |
| 2004-05 | LFP10/943/08 dt. 15.7.09 |
| 2005-06 | LFP10/944/08 dt. 15.7.09 |
| 2006-07 | LFP10/945/08 dt. 15.7.09 |
| 2007-08 | LFP8/1684/11 dt. 9.12.11 |
| 2008-09 | LFP8/1685/11 dt. 9.12.11 |
| 2009-10<br>2010-11 | LFP8/1061/12 dt. 12.1.14 |

| | |
|---|---|
| 2011-12 | LFP8/2243/14dt. 7.1.15 |
| 2012-13<br>2013-14<br>2014-15 | KSA-PKD8/154/16 dt.09-02-2016 |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്